**Focus Area Based**

**Test -02**

# SSLC Top Test Series

**Std. 10**

## Malayalam Paper II

(Chapters 1, 2)

**Time : 45 Mnts**
**Score : 20**

**നിർദ്ദേശങ്ങൾ**

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

## Type-A

1. "അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു. അടിവരയിട്ട പ്രയോഗത്തിന് സമാനാർഥമുള്ള പ്രയോഗം എടുത്തെഴുതുക.
   - കണ്ണുനനയിപ്പിക്കുന്ന
   - കണ്ണടപ്പിക്കുന്ന
   - കണ്ണുകുളിർപ്പിക്കുന്ന
   - കണ്ണേറുതട്ടുന്ന [1]

2. ദാഹജലം എന്ന പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.
   അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപം എഴുതുക.
   - ദാഹത്തിന്റെ ജലം
   - ദാഹം ശമിപ്പിക്കാനുള്ള ജലം
   - ദാഹിപ്പിക്കുന്ന ജലം
   - ദാഹവും ജലവും [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറുകൊടുക്കണം. അതുമാത്രമാണ് അവന്റെ ആഗ്രഹം. ആ വാക്യങ്ങളെ കൂട്ടിച്ചേർത്ത് ഒറ്റവാക്യമാക്കുക.
4. "ഇപ്പോഴും എടേക്കൂടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും, മൂപ്പരെങ്ങോട്ടു പോയി? ഞാൻ പറയും പോയീന്ന. പോയില്ലാന്ന് എനിക്കല്ലേ അറിയൂ".
   അടിവരയിട്ട വാക്യങ്ങൾ നൽകുന്ന സൂചനകൾ എന്തെല്ലാം?
5. തണുത്ത വെള്ളമൊഴിച്ച് കണ്ണും മുഖവും തണുപ്പിക്കുന്നത് ഉറക്കമകറ്റാൻ സഹായിക്കും.
   അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.
   അടിവരയിട്ട പ്രയോഗത്തിന് രണ്ടു സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. "നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?"
   നാട്ടിലെയും പട്ടണത്തിലെയും പരിസ്ഥിതിയോടുള്ള അമ്മയുടെ എന്തെല്ലാം കാഴ്ചപ്പാടുകളാണ് ഇതിലൂടെ വ്യക്തമാകുന്നത്? വിശകലനം ചെയ്ത് കുറിപ്പെഴുതുക.
7. "ഏനു മേണ്ട"
   "എന്നാല് ഏനും കുടിക്കത്തില്ല".
   "ഏനു മയറ്റില് ഒരു കമ്പിതമെടീ"
   ചിരുതയ്ക്കും വാശിയുണ്ട്. അവസാനം അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെട്ടുപോയി.
   കോരന്റെയും ചിരുതയുടെയും ജീവിതം വർത്തമാനകാല സമൂഹത്തിന് നൽകുന്ന ജീവിതപാഠമെന്ത്? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

*(P.T.O.)*

8. • 'അതേ നിമിഷത്തിൽ അമ്മയുടെ മറുപടിയുണ്ടായില്ലെങ്കിൽ അച്ഛൻ കോപം കൊണ്ടു തുടുക്കും'.
- അച്ഛൻ വിളിച്ചില്ലെങ്കിൽപ്പോലും, വെറുതെ ഒരു ശബ്ദം കേട്ടാൽ മതി, അതിനു മറുവിളി കൊടുക്കുക എന്നുള്ളതും അമ്മയുടെ ശീലമായി മാറിയിരിക്കുന്നു.'

കഥയിൽ നിന്നും കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'ഓരോ വിളിയും കാത്ത്' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'ജീവിതം പടർത്തുന്ന വേരുകൾ' എന്ന യൂണിറ്റിലെ, പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത് എന്നീ പാഠഭാഗങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ, സ്നേഹബന്ധങ്ങളുടെ തീവ്രത എന്നിവ പരിഗണിച്ച് 'മനുഷ്യബന്ധങ്ങൾ സാഹിത്യകൃതികളിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

10. "ഞാനെങ്ങന്യാ മോനേ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ. ഇന്നലെം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ.........."

അച്ഛനും അമ്മയും തമ്മിലുള്ള ശക്തമായ ഹൃദയബന്ധമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയെ വികാരതീവ്രമാക്കുന്നത്. കഥ വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

## Type-B

1. "അതോർത്ത് ഞ്ഞ് വെഷമിക്കണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല".

അമ്മയുടെ വാക്കുകളിലെ സൂചനയെന്ത്?
- ചുറ്റും ബന്ധുക്കളുടെ സാന്നിധ്യമുണ്ട്.
- വീട്ടിൽ വേണ്ടപ്പെട്ടവർ ഒത്തിരിയുണ്ട്.
- അച്ഛന്റെ സാന്നിധ്യം വീട്ടിലിപ്പോഴും അനുഭവപ്പെടുന്നുണ്ട്.
- ഒറ്റയ്ക്ക് ജീവിക്കാൻ ധൈര്യമുണ്ട്. [1]

2. 'ഏഴരക്കോഴി എന്ന പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.
- ഏഴരയുടെ കോഴി
- ഏഴഴകുള്ള കോഴി
- ഏഴരവെളുപ്പിന് കൂകുന്ന കോഴി
- ഏഴരയാകുന്ന കോഴി [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. കമുകിൻ തോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ച കിടന്നു കൊണ്ടു തന്നെ അച്ഛൻ അറിയുമായിരുന്നു.

യൗവനകാലാനുഭവങ്ങളുടെ ചിറകടിയൊച്ച മാത്രമാണ് വാർദ്ധക്യത്തിന് സ്വന്തം.

- അടിവരയിട്ട പദത്തിന് രണ്ട് സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക.

4. അങ്ങനെ പാതിരായ്ക്കുശേഷം അടുപ്പിൽ തീ എരിഞ്ഞു.

ആ കുടിലിൽ വെളിച്ചമുണ്ടായി.

ഈ വാക്യങ്ങളെ കൂട്ടിച്ചേർത്ത് ഒറ്റവാക്യമാക്കി മാറ്റിയെഴുതുക.

5. 'ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദത്തോടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു."

അമ്മയ്ക്ക് ഇങ്ങനെ തോന്നാനുണ്ടായ കാരണങ്ങൾ എന്തെല്ലാം? 2 എണ്ണം കുറിക്കുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'അപ്പോ നമ്മുടെ വേരുകളോ?

അതും അമ്മയായ ഈ ഭൂമിയിൽതന്നെ'

നമ്മുടെ വേരുകൾ അമ്മയായ ഭൂമിയിൽതന്നെയാണെന്ന കാഴ്ചപ്പാടിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പെഴുതുക.

7. 'പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം. പക്ഷേ, ചെന്നു നോക്കുമ്പോൾ അറിയാം, മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്'.
– അച്ഛനെക്കുറിച്ച് ഇങ്ങനെ പറയാൻ കാരണമെന്ത്? അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പെഴുതുക.

8. • തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം വേണ്ട
• അവൻ അന്നുച്ചയ്ക്ക് പുഷ്പവേലിൽ നിന്നു കഞ്ഞി കുടിച്ചു.
ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചില്ല.
അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഈ നോവൽ ഭാഗത്ത് നിന്നും കണ്ടെത്താനാവും? വിശകലനം ചെയ്ത് എഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ. ഇന്നലെം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ.........."
അച്ഛനും അമ്മയും തമ്മിലുള്ള ശക്തമായ ഹൃദയബന്ധമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയെ വികാരതീവ്രമാക്കുന്നത്. കഥ വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

10. ഇന്ത്യയിൽ ഇന്നുനടക്കുന്ന കാർഷികസമരങ്ങളുടെ പശ്ചാത്തലത്തിൽ പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തെ വിശകലനം ചെയ്ത് കർഷകർ രാജ്യത്തിന്റെ നിലനിൽപ്പിന്റെ ശക്തി എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

## Type-C

1. 'തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം വേണ്ട' ഈ വാക്യം മുന്നോട്ടു വയ്ക്കുന്ന സാമൂഹിക പ്രശ്നമെന്ത്?
• നെല്ലിന് വിലയില്ലാത്ത അവസ്ഥ
• നെല്ല് കൂലി കൊടുക്കാത്ത അവസ്ഥ
• ജോലിക്ക് നല്ല കൂലി കിട്ടുന്ന അവസ്ഥ
• ചക്രത്തിന് വിലയില്ലാത്ത അവസ്ഥ [1]

2. കാലവർഷക്കാറ്റ് എന്ന പദത്തിന്റെ വിഗ്രഹാർത്ഥം എഴുതുക.
• കാലവർഷമാകുന്ന കാറ്റ്
• കാലവർഷത്തിലെ കാറ്റ്
• കാലവർഷം എന്ന കാറ്റ്
• കാലവർഷത്തിന്റെ കാറ്റ് [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. വേനൽക്കാലത്ത് ചൂടുകൊണ്ട് ചില വിത്തുകൾ <u>പൊട്ടിത്തെറിക്കാറുണ്ട്.</u> അച്ഛന്റെ ചോദ്യങ്ങളും നിർദ്ദേശങ്ങളും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ <u>പൊട്ടിത്തെറിക്കാറുണ്ട്.</u>
അടിവരയിട്ട വാക്കിന് രണ്ട് സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർത്ഥവ്യത്യാസം കണ്ടെത്തിയെഴുതുക.

4. അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ച കാഴ്ച നോക്കിനിന്ന ചിരുത ആനന്ദിച്ചു. ഇതിനെ രണ്ട് ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.

5. നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല.
പിന്നെ എന്താ ആടെ ഉള്ളത്?
നഗരത്തെ സംബന്ധിച്ച് ഇതിൽ തെളിയുന്ന രണ്ട് സൂചനകൾ എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'ജീവിതത്തിലെ ദുരിതങ്ങളെയും ദാരിദ്ര്യത്തെയും സ്നേഹം കൊണ്ട് അതിജീവിക്കുന്നവരാണ് കോരനും, ചിരുതയും'
ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പാഠഭാഗത്ത് നിന്നും ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി സമർത്ഥിക്കുക.

7. അച്ഛൻ പോയതോട് കൂടി വല്ലപ്പോഴുമൊന്ന് കടുപ്പിച്ച് സംസാരിക്കാനുള്ള അവസരം പോലും അമ്മയ്ക്ക് നഷ്ടപ്പെട്ടു - അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

8. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?
നെല്ലുകൂലി കിട്ടിയില്ലായെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?
ഇപ്രകാരം കോരൻ ചിന്തിച്ചതിലൂടെ അക്കാലത്തെ കർഷകർ നേരിട്ട എന്തെല്ലാം പ്രശ്നങ്ങളിലേക്കാണ് തകഴി വിരൽ ചൂണ്ടുന്നത്? വ്യക്തമാക്കുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അച്ഛന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുന്ന കഥാസന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

10. ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുന്നവരാണ് 'പ്ലാവിലക്കഞ്ഞി' എന്ന പാഠത്തിലെ കോരനും ചിരുതയും. ഇതിനെ മുൻനിർത്തി 'പരസ്പര സ്നേഹവും സഹനവുമാണ് കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ്'എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

Focus Area Based

Test -16

# SSLC Top Test Series

## Malayalam Paper II

(Chapters 3, 4)

Std. 10

Time : 45 Mnts
Score : 20

**നിർദ്ദേശങ്ങൾ**

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

## Type-A

1. 'പീളയടിഞ്ഞ് നിറം പോയ കണ്ണുക-
ളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം?'
ഈ വരികൾ നൽകുന്ന സൂചനയെന്ത്?
- മകനോടുള്ള ദേഷ്യംകൊണ്ടു തുറന്നുവച്ച കണ്ണുകൾ
- ജീവിതം കണ്ടു കൊതിതീരാത്ത കണ്ണുകൾ
- മരിച്ചിട്ടും മകനുവേണ്ടി തുറന്നുവച്ച കണ്ണുകൾ
- ലോകത്തെ ക്രൂരതകൾ കാണുന്ന കണ്ണുകൾ [1]

2. ഗ്രാമീണാന്തരീക്ഷം എന്ന പദത്തിന്റെ വിഗ്രഹരൂപം എഴുതുക.
- ഗ്രാമീണമാകുന്ന അന്തരീക്ഷം
- ഗ്രാമത്തിലെ അന്തരീക്ഷം
- ഗ്രാമീണമായ അന്തരീക്ഷം
- ഗ്രാമീണം പോലെയുള്ള അന്തരീക്ഷം [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ'
അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രമാത്രം സഹായകമാണ്? നിങ്ങളുടെ നിരീക്ഷണം രണ്ട് വാക്യത്തിൽ വ്യക്തമാക്കുക.

4. "യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ? ഇവിടെ ഭക്തിയും വിശ്വാസവുമാണ്".
എ.പി.ഉദയഭാനു അമ്മയെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം? രണ്ടെണ്ണം കുറിക്കുക.

5. 'നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്'.
വരികളിലെ കാവ്യപരമായ രണ്ടുസവിശേഷതകൾ കണ്ടെത്തിയെഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിന് താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്, മിന്നാമിനുങ്ങികളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൾക്കടമാക്കിത്തിർത്തു'.
മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'കൊച്ചുചക്കരച്ചി' പ്രസ്താവനയെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

7. "അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്".
കാവ്യസന്ദർഭം കവിതയുടെ പ്രമേയത്തെ ഭാവതീവ്രമാക്കുന്നതെങ്ങനെ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

8. • "ആ കഥ അവൾക്കൊരു പ്രത്യേക 'അരുമത്തം' നേടുക്കൊടുത്തു".
• 'നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു'. കൊച്ചുചക്കരച്ചിയെ മാനുഷിക ഭാവത്തിൽ ആവിഷ്ക്കരിക്കുന്ന ഒട്ടേറെ സന്ദർഭങ്ങൾ പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി കുറിപ്പെഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. "മാതൃവാക്കൊന്നാകണം നമുക്കു സാക്ഷാൽ വേദം
മാതൃ ശുശ്രൂഷായത്നമാകണം മഹായജ്ഞം
മാതാവിന്നുഴിഞ്ഞീടുകാത്മജീവിതം
ഭ്രാതാക്കന്മാരേ, പാരിൽ ദൈവമേതുള്ളു വേറെ?" (വള്ളത്തോൾ)
(ഭ്രാതാവ്-സഹോദരൻ, പാര്-ഭൂമി)
'അമ്മത്തൊട്ടിലി'ലെ മകന്റെ മനോഭാവത്തെ ഈ വരികളുടെ ആശയവുമായി ബന്ധിപ്പിച്ച് വിമർശനാത്മകമായി വിലയിരുത്തി കവിതാനിരൂപണം തയ്യാറാക്കുക.

10. • ലളിതമായ ഭാഷ
• അനുഭവസുഖം പകരുന്ന വർണന
• ഗ്രാമീണപദങ്ങളുടെ ഉപയോഗം
• നാട്ടറിവുകളുടെ ശേഖരം
തന്നിരിക്കുന്ന സൂചനകളെ അടിസ്ഥാനമാക്കി 'കൊച്ചുചക്കരച്ചി' യിലെ ആവിഷ്കാരമികവ് എന്ന വിഷയത്തിൽ ഉപന്യാസം രചിക്കുക.

## Type-B

1. കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. <u>അവൾ ദോഷം വരുത്തുകയില്ല.</u> അടിവരയിട്ട വാക്യം മാവിന് എന്ത് ഭാവമാണ് നൽകുന്നത്?
• മൃദുലഭാവം
• രൗദ്രഭാവം
• മാനുഷികഭാവം
• നിർമലഭാവം [1]

2. നീരറ്റു വറ്റിവരണ്ട <u>കൈച്ചുള്ളികൾ</u>
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥം എഴുതുക.
• കൈകളാകുന്ന ചുള്ളികൾ
• ചുള്ളികൾ പോലുള്ള കൈകൾ
• കൈയിലെ ചുള്ളികൾ [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ കവി ഉൾക്കടമായ വേദനയുടെ മാധുര്യം പകർന്നു തന്നു.'
ഇവിടെ സൂചിതമായ കവിയേയും കവിതയെയും പരിചയപ്പെടുത്തുക.

4. 'പീളയടിഞ്ഞ് നിറം പോയ <u>കണ്ണുക-</u>
<u>ളെന്തേയടക്കാതെവച്ചമ്മ നിർദയം?</u>'
അടിവരയിട്ട ഭാഗം നൽകുന്ന സൂചനകൾ എന്തെല്ലാം?

5. കൊച്ചുചക്കരച്ചി വീഴിച്ച. വീണാലും അവൾ ആപത്തുവരുത്തുകയില്ല'. അമ്മയ്ക്ക് പ്രകൃതിയോടുള്ള ഏതെല്ലാം മനോഭാവങ്ങളാണ് ഈ വാക്യത്തിലൂടെ വെളിപ്പെടുന്നത്? രണ്ടെണ്ണം കുറിക്കുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി'
വിദ്യാലയത്തിന്റെ സവിശേഷതകളും അത് ഉണർത്തിയ ചിന്തകളും കാവ്യസന്ദർഭത്തെ വികാരതീവ്രമാക്കുന്നത് എങ്ങനെ? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

7. "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്".
ഈ നിരീക്ഷണം എ.പി.ഉദയഭാനു സമർഥിക്കുന്നതെങ്ങനെ? പാഠഭാഗം വിശകലനം ചെയ്തെഴുതുക.

8. "കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം!"
അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും മകനെ തടയുന്നത് ഓർമ്മകളാണ്.
'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ഓർമകൾക്കുള്ള സ്ഥാനമെന്ത്? കണ്ടെത്തി കുറിപ്പെഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'ഇന്നു 'മാങ്ങാ മരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ' അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല'. 'കൊച്ചുചക്കരച്ചി'യിൽ ആവിഷ്ക്കരിച്ചിരിക്കുന്നതുപോലെയുള്ള ആഹ്ലാദകരമായ ബാല്യമാണോ ഇന്നത്തെ കുട്ടികൾക്കുള്ളത്? പ്രകൃതിയിൽ നിന്നും അകലുന്ന കുട്ടികൾ എന്തെല്ലാം പ്രശ്നങ്ങളാണ് ഇന്ന് അഭിമുഖീകരിക്കുന്നത്?
ഇതിനെ അടിസ്ഥാനമാക്കി 'നഷ്ടപ്പെടുന്ന ബാല്യകാലം' എന്ന ശീർഷകത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

10. • മാതാവിനെ ദൈവതുല്യം സ്നേഹിക്കുക.
• മാതൃശുശ്രൂഷ മഹായജ്ഞം
• മാതാവിന്റെ കാല്പാദങ്ങളിലാണ് സ്വർഗം
തന്നിരിക്കുന്ന ആപ്തവാക്യങ്ങളെ 'അമ്മത്തൊട്ടിലി'ലെ മകന്റെ മനോഭാവങ്ങളുമായി ബന്ധിപ്പിച്ച്, അതിലെ കാലികപ്രസ്കതി കൂടി പരിഗണിച്ച് കവിതാനിരൂപണം രചിക്കുക.

## Type-C

1. 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്'
ഇവിടെ സൂചിപ്രയോഗത്തിന്റെ നീറ്റലായി പറഞ്ഞിരിക്കുന്നത് എന്തിനെ?

- സൂചി വയ്ക്കുമ്പോൾ ഉണ്ടാകുന്ന നീറ്റൽ
- അസുഖത്തിന്റെ വേദന
- അമ്മയെ ഉപേക്ഷിക്കുന്നതിലെ പാപബോധം
- അമ്മയെ ഉപേക്ഷിക്കാൻ കഴിയാത്തതിലുള്ള ദുഃഖം [1]

2. കാലവർഷക്കാറ്റ് എന്ന പദത്തിന്റെ വിഗ്രഹാർത്ഥം എഴുതുക.

- കാലവർഷമാകുന്ന കാറ്റ്
- കാലവർഷത്തിലെ കാറ്റ്
- കാലവർഷം എന്ന കാറ്റ്
- കാലവർഷത്തിന്റെ കാറ്റ് [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു'
-മാളിന്റെ സമീപം അമ്മയെ ഉപേക്ഷിക്കാൻ മകന് കഴിയാതെ പോയതെന്തുകൊണ്ട്?

4. കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും
ഇതിനെ രണ്ട് ലഘുവാക്യങ്ങളാക്കി മാറ്റി എഴുതുക.

5. '.................കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ'.
അമ്മയുടെ കണ്ണുകളെ ഇങ്ങനെ വിശേഷിപ്പിച്ചതിന്റെ കാരണമെന്താവാം? രണ്ടെണ്ണം കുറിക്കുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ-ഉപാസനകൾ-മാവിൻ ചുവട്ടിൽ നടന്നിരുന്നു!'
മാവിൽ നിന്നും മാമ്പഴം പൊഴിച്ചിടാനായി കുട്ടികൾ കാണിച്ചിരുന്ന മന്ത്രതന്ത്രങ്ങൾ (ഉപാസനകൾ) എന്തെല്ലാം? വിശദമാക്കുക.

7. 'പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു'
ഈ വരികൾ 'അമ്മത്തൊട്ടിൽ' എന്ന കവിതയെ ഏറ്റവും ഭാവതീവ്രമാക്കുന്നതെങ്ങനെ? വരികളെ വിമർശനാത്മകമായി വിലയിരുത്തുക.

8. 'എന്തുപ്രലോഭനവും ഉപയോഗിക്കാൻ തയ്യാറായി ആളുകൾ വന്നിരുന്നെങ്കിലും പണത്തിന് മുട്ടുണ്ടായിരുന്നെങ്കിലും അവരെല്ലാം തുരത്തപ്പെട്ടു'
കൊച്ചുചക്കരച്ചിയെ വാങ്ങാൻ വന്നവർ തുരത്തപ്പെട്ടതെങ്ങനെ? വിശദമാക്കുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'അരുതായ്മകൾ വർദ്ധിച്ചു വരുന്ന ഇക്കാലത്ത് 'അമ്മത്തൊട്ടിൽ' എന്ന കവിത ഏറെ പ്രസക്തമാണ്'.
തന്നിരിക്കുന്ന പ്രസ്താവനയെ മുൻനിർത്തി 'അമ്മത്തൊട്ടിൽ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

10. 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്ത്, അമ്മയും കൊച്ചുചക്കരിച്ചിയും തമ്മിലുള്ള ബന്ധം ആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിവരിക്കുക.